# Malayala Manorama

## 18 August 2018

## Ambalapuzha, Thottappally Spillway, Shutters Opened



# തോട്ടപ്പള്ളി സ്പിൽവേ: 40 ഷട്ടറും ഉയർത്തി

അമ്പലപ്പുഴ • കുട്ടനാട്ടിലെ പ്രളയത്തിന്റെ തീവ്രത കുറയ്ക്കാൻ തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ കൂടുതൽ ഉയർത്തി.

പമ്പ, മണിമലയാറുകളിൽ നിന്നു നീരൊഴുക്കു ശക്തമായതിനെത്തുടർന്നു കുട്ടനാട് പ്രളയത്തിലാകുകയും വേമ്പനാട്ടുകായലിൽ ജലനിരപ്പ് ഉയരുകയും ചെയ്തതോടെയാണു വെള്ളം കടലിലേക്ക് ഒഴുകാനുള്ള സാഹചര്യം ഒരുക്കിയത്. തോട്ടപ്പള്ളി സ്പിൽവേയുടെ 40 ഷട്ടറുകളും പൂർണമായി ഉയർത്തി.

നിലവിലെ ജലനിരപ്പിനേക്കാൾ ഒന്നരയടിയാണു ഷട്ടറുകൾ ഉയർത്തിയത്. ഇതോടെ നീരൊഴുക്കു വർധിച്ചു. യന്ത്രസഹായത്തോടെ പൊഴിമുഖത്തെ മണൽ നീക്കം ചെയ്തു. ഒന്നര മാസം മുൻപ് 20 മീറ്റർ മാത്രം വീതിയിലാണു മണൽ നീക്കിയത്. ഇപ്പോൾ ഇവിടെ 300 മീറ്റർ വീതിയിൽ കടലിലേക്കു വെള്ളം ഒഴുകുന്നുണ്ട്.

മന്ത്രി ജി.സുധാകരൻ, ദുരന്ത നിവാരണ സേന സ്പെഷൽ ഓഫിസർ എൻ.പത്മകുമാർ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ കെ.പി.ഹരൻബാബു തുടങ്ങിയവരുടെ സാന്നിധ്യത്തിലാണു ഷട്ടർ ഉയർത്തുന്ന ജോലി നടന്നത്.

ഈ സമയം ദേശീയപാതയിൽ കുറച്ചുനേരം ഗതാഗതനിയന്ത്രണം ഉണ്ടായി. അര മണിക്കൂറോളം ഒരു വരി ഗതാഗതം മാത്രമേ ഉണ്ടായുള്ളൂ.